# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 163 03.02.2020-ൽ മറുപടിക്ക്

## യു. എ. പി. എ.

| | ചോദ്യം<br><br>ശ്രീ.എൻ. ഷംസുദ്ദീൻ | | മറുപടി<br><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | കോഴിക്കോട് പന്തീരങ്കാവിൽ മാവോവാദി ബന്ധം ആരോപിച്ച് പോലീസ് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ ഇവർ ആരെല്ലാമാണെന്നതിന്റെ വിശദവിവരം നൽകുമോ; | (എ) | 1. അലൻ ഷുഹൈബ് (20), S/o മുഹമ്മദ് ഷുഹൈബ്, മണിപൂരി ഹൗസ്, പാലാട്ട് നഗർ, തിരുവണ്ണൂർ പി.ഒ., കോഴിക്കോട്.<br>2. താഹാ ഫസൽ (24),<br>S/o അബൂബേക്കർ, കോട്ടുമ്മൽ, മൂർക്കനാട്, പന്തീരങ്കാവ്, കോഴിക്കോട് എന്നിവരെ മാവോയിസ്റ്റ് ബന്ധമുണ്ടെന്ന സംശയത്തിൽ പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇവർക്കെതിരെ യു.എ.പി.എ. പ്രകാരം കേസ് എടുത്തിട്ടുണ്ടോ; എങ്കിൽ കേസ് എടുക്കുവാനുണ്ടായ സാഹചര്യം എന്തെന്ന് വിശദമാക്കുമോ; | (ബി) | ഈ കേസിന്റെ പ്രാഥമികാന്വേഷണത്തിൽ പ്രതികൾ ഇന്ത്യൻ ഭരണകൂടം, നിയമം മൂലം നിരോധിച്ച സംഘടനയായ സി.പി.ഐ. മാവോയിസ്റ്റ് സംഘടനയിൽ പ്രവർത്തകരായി ജനങ്ങൾക്കിടയിൽ ജനാധിപത്യത്തിനും ഭരണ സംവിധാന ത്തിനുമെതിരെ പ്രവർത്തനത്തിൽ ഏർപ്പെടുന്നതിന്, ലഘുലേഖകളും പോസ്റ്ററുകളും അച്ചടിച്ച് വിതരണം ചെയ്ത് ആഹ്വാനം നൽകിവരിക യാണെന്ന സംശയകരമായ സാഹചര്യത്തിലാണ് പോലീസ് കേസ് എടുത്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | പോലീസ് അറസ്റ്റ് ചെയ്ത പ്രസ്തുത വ്യക്തികൾ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിൽ പ്രവർത്തിക്കുന്നവരാണോ എന്ന വിവരം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (സി) യും (ഡി) യും | പോലീസ് റിപ്പോർട്ട് പ്രകാരം നിരോധിത സംഘടനയായ സി.പി.ഐ. മാവോയിസ്റ്റ് സംഘടനയുമായി ബന്ധമുള്ളവരാണ്. |
| (ഡി) | ഏത് രാഷ്ട്രീയ പാർട്ടിയിൽ പ്രവർത്തിക്കുന്നവരാണെന്നും അതിൽ എന്തെങ്കിലും ഭാരവാഹിത്വം വഹിക്കുന്നുണ്ടോ എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ